(ഡി) ഉണ്ട്.

(ഇ) ഓട്ടോറിക്ഷ കസ്റ്റഡിയിലെടുത്തില്ല. മോഹൻദാസിന് അപകടം സംഭവിച്ചശേഷം മരണംവരെ ബോധം വീണ്ടുകിട്ടാത്തത് കാരണം ടിയാന്റെ മരണമൊഴി രേഖപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

69 (69) മലപ്പുറം ജില്ലയിലെ ലീലയുടെ മരണം

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എടവണ്ണയിൽ എഴുകളരി വാർഡിൽ ഇംഗ്ലമ്പുറത്ത് ലീലയുടെ മരണം കൊലപാതകം മൂലമാണെന്ന് ആരോപിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ആക്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുള്ള കാര്യം അറിവുണ്ടോ;

(സി) ഈ സംഭവത്തിൽ അസ്വാഭാവിക മരണം സംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) അന്വേഷണത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) മരണം സംശയാസ്പദമാണെന്ന നാട്ടുകാരുടെ ആരോപണം പരിഗണിച്ച് ഈ കേസ്സ് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി)&(ഡി) കേസ്സ് അന്വേഷണത്തിലാണ്.

(ഇ) കേസ്സ് അന്വേഷണം തുടരുന്ന സാഹചര്യത്തിൽ ഇപ്പോൾ പരിഗണനയിലില്ല.

70 (70) സ്ത്രീകൾക്കെതിരായ അക്രമങ്ങൾ

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരായ അക്രമങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സ്ത്രീകൾക്കെതിരായ എത്ര അക്രമസംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഇത്തരം അതിക്രമങ്ങൾ തടയുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്ത്രീകൾക്കെതിരായ അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന എല്ലാ പരാതികളിൻമേലും കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനാൽ ചില ജില്ലകളിൽ നേരിയ വർദ്ധനവ് കാണുന്നു.

LIBRARY ARCHIVES Kerala Legislative Assembly